ADFACTORS PR
Knowledge-driven communications

| | | | |
|---|---|---|---|
| Published Date: | 3 Nov 2018 | Publication: | Mathrubhumi (Malayalam) |
| Edition: | Kochi | Page No: | 10 |
| MAV/CCM: | 51350/19.75 | Circulation: | 160501 |

# ടി.സി.എസ്. ഐ.ടി. വിസ്; നേവി ചിൽഡ്രൻ സ്കൂൾ ജേതാക്കൾ

കൊച്ചി ▸ ടാറ്റ കൺസൾട്ടൻസി സർവീസസ് സംഘടിപ്പിക്കുന്ന ഇന്റർ സ്കൂൾ ക്വിസ് മത്സരമായ ടി.സി.എസ്. ഐ.ടി. വിസ് -2018 കൊച്ചി എഡിഷൻ മത്സരത്തിൽ നേവി ചിൽഡ്രൻ സ്കൂളിലെ നന്ദു കൃഷ്ണൻ - അർജുൻ സുനിൽ സഖ്യം ജേതാക്കളായി. എളമക്കര ഭവൻസ് വിദ്യാമന്ദിർ സ്കൂളിലെ ആനന്ദ് - കൃഷ്ണരാജ്മോഹൻ ടീം രണ്ടാം സ്ഥാനത്തെത്തി.

കലൂർ ഗോകുലം പാർക്ക് കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ച മത്സരത്തിൽ എറണാകുളം, ആലപ്പുഴ, കോയമ്പത്തൂർ, കണ്ണൂർ, കോട്ടയം, തൃശ്ശൂർ, തിരുവനന്തപുരം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള വിദ്യാർഥികളാണ് മത്സരിച്ചത്. വിജയികൾക്ക് കൊച്ചി മെട്രോ മാനേജിങ് ഡയറക്ടർ മുഹമ്മദ് ഹനീഷ്, ടി.സി.എസ്. കേരള ഡെലിവറി സെന്റർ മേധാവിയും വൈസ് പ്രസിഡന്റുമായ ദിനേശ് പി. തമ്പി എന്നിവർ ചേർന്ന് സമ്മാനങ്ങൾ നൽകി.

ഒന്നാം സ്ഥാനം നേടിയ നേവി ചിൽഡ്രൻ സ്കൂൾ ടീമിന് അറുപതിനായിരം രൂപയുടെ സമ്മാന വൗച്ചറുകളും റണ്ണേഴ്സ് അപ്പ് ആയ എളമക്കര ഭവൻസ് വിദ്യാമന്ദിർ ടീമിന് നാൽപ്പതിനായിരം രൂപയുടെ സമ്മാന വൗച്ചറുകളും ലഭിച്ചു. കൂടാതെ ആറ് ഫൈനലിസ്റ്റുകൾക്കും ജിം ബാഗ്, ബ്ലൂടൂത്ത് സ്പീക്കറോടു കൂടിയ മൾട്ടി ഫങ്ഷണൽ മ്യൂസിക് ടോർച്ച്, വയർലെസ് ഔട്ട്ഡോർ സ്പീക്കർ, ടി.സി.എസ്. പെൻഡ്രൈവ് എന്നിവയടക്കമുള്ള സമ്മാനങ്ങളും ലഭിച്ചു. കൊച്ചി എഡിഷൻ മത്സര വിജയികൾ 25-ന് മുംബൈയിൽ നടക്കുന്ന ദേശീയ ഫൈനൽ മത്സരത്തിൽ പങ്കെടുക്കും.